LIBRARY ARCHIVES Kerala Legislative Assembly

മണലൂർ തൈക്കാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ

108 (174) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തൈക്കാട് കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ പാലക്കാട് റീജിയണൽ ഓഫീസിൽ നിന്നും മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലേക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മാവേലി സ്റ്റോർ എന്നേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രസ്തുത അപേക്ഷ സപ്ലൈകോ റീജിയണൽ മാനേജർക്ക് നല്കിയിട്ടുണ്ട്.

(ഇ) സാദ്ധ്യതാപഠനം നടത്തി സാമൂഹികമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പഞ്ചായത്ത് അധികൃതർ വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മേപ്പയൂർ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

109 (175) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ അനുവദിച്ച മാവേലി സ്റ്റോറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മേപ്പയൂർ മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?